ശ്രീ. സി. കേശവൻ: ഇൻഡ്യാ ഗവണ്മെൻറിലെ യോഗ്യന്മാരിൽ പലരും അതിനെപ്പറ്റി അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷെ ഗവണ്മെൻറ് ഇതിനെപ്പറ്റി യാതൊന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: മന്ത്രിസഭാംഗങ്ങളിൽ ആരെങ്കിലും ഇതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ആലോചിച്ചിട്ടുണ്ട്.

Sri. A. P. Udayabhanu: Has not the Planning Commission, in its report, envisaged family planning?

Sri. C. Kesavan: I must acknowledge my ignorance of the details of the Planning Commission's Report.

Sri. D. Gnanasigamoni. May I know whether it is not a fact that a resolution to this effect was thrown out in the last session of the Assembly?

Sri. C. Kesavan. Exactly so.

ശ്രീ. പി. സി. ഗോദിച്ചൻ: ഇൻഡ്യൻ ഭരണഘടനയനുസരിച്ച് പട്ടികജാതിക്കാക്ക് ഫ 0 കൊല്ലത്തേക്ക് ജനസംഖ്യയനുസരിച്ച് റിസർവേഷൻ അനുവദിച്ചിരിക്കുന്ന നിലക്ക് ഈ ഫ 0 കൊല്ലത്തിനകം സന്താനനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത് അവക്ക് ദോഷകരമാണെന്നറിയാമോ?

Mr. Speaker. That question is disallowed.

പബ്ലിക്ക് സർവ്വീസിൽ റിസർവ്വേഷൻ

*നമ്പർ 9. (ചോദ്യം) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യത്തിന് പബ്ലിക്ക് സർവ്വീസ് വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

പബ്ലിക്ക് സർവ്വീസിൽ റിസർവേഷൻ ഉള്ള സമുദായങ്ങൾ ഏവ? അതു് എന്തെല്ലാം തത്വത്തെ അടിസ്ഥാനമാക്കിയാണ് കൊടുത്തുവരുന്നതു്? അതിൽ പട്ടികജാതിക്കാക്കുള്ള പ്രത്യേക പരിഗണനകൾ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് പബ്ലിക്ക് സർവ്വീസിൽ സാമ്പത്തികപരമായി അവശത അനുഭവിക്കുന്ന സമുദായങ്ങൾക്ക് സംവരണം പൊതുവെ അനുവദനീയമല്ലാത്തതിനാൽ ഇപ്പോൾ പബ്ലിക്ക് സർവ്വീസിൽ സംവരണം ചെയ്യുന്നില്ല. എങ്കിലും സമുദായങ്ങൾക്കാണ് സംവരണം ആവശ്യമുള്ളതെന്നും മറ്റും ആലോചിക്കുന്നതിനായി ഗവണ്മെൻറിൽനിന്നും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഈ നിലയെക്കുറിച്ച് ഒരു തീരുമാനം ചെയ്യുന്നതാണ്.

ശ്രീ. സി. സി. പ്രസാദ്: ഷെഡ്യൂൾ കാസ്റ്റിനു് സംവരണം അനുവദിച്ചിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. എന്നാൽ സംവരണം അനുവദിച്ചിട്ടില്ലാത്ത മറ്റു സമുദായക്കാരുടെ കാര്യംകൂടി പരിഗണിച്ച് ഒരു തീരുമാനം ചെയ്യാതെ മറ്റു പട്ടികജാതിക്കാരുടെ സംവരണാവകാശത്തെ ഹനിക്കാതെതന്നെ ചെയ്യാമെന്നുമാണ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതു്.

Sri. P. S. Nataraja Pillai: Is recruitment by the Public Service Commission now made purely on the basis of merit or communal representation?

Sri. C. Kesavan: It is now made purely on merit. There is no communal G. O. existing.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പബ്ലിക്ക് സർവ്വീസിൽ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ചില പ്രത്യേക പരിഗണനകൾ അനുവദിച്ചിട്ടില്ലേ?

ശ്രീ. സി. കേശവൻ: ഉണ്ട്. ഞാനതു പറഞ്ഞുകഴിഞ്ഞു. എന്നാൽ മറ്റു അവശതകളുള്ള സമുദായങ്ങളുടെ കാര്യവും കൂടി കണക്കു കൂട്ടി ആ വ്യവസ്ഥ നടപ്പിലാക്കാമെന്നു വിചാരിച്ചാണു ഗവൺമെൻറ് ഒരു കമ്മറിയെ നിയമിച്ചതു.

ഹയറും, ശാസ്ത്രിയും പാസ്സായ വിദ്യാർത്ഥികൾ

*നമ്പർ വൃ. (ചോദ്യകർത്താവ്) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പു മന്ത്രി ദയവായി മറുപടി നൽകുമോ.—

(എ) സ്കൂൾഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളവരെപോലെതന്നെ ഹയർ, ശാസ്ത്രി എന്നീ പരീക്ഷകളും പാസായിട്ടുള്ളവർക്കും അദ്ധ്യാപക വൃത്തിയിൽ നിയമനത്തിൽ മുൻഗണന നൽകണമെന്നു ഗവൺമെൻറിനു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്.

(ബി) അതു ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

വ്യയസംക്ഷേപണപദ്ധതി

*നമ്പർ ൽ. (നമ്പർ ം) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് സർവ്വീസ് വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ വ്യയസംക്ഷേപണം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) റീഓർഗനൈസേഷൻ കമ്മറി റിപ്പോർട്ടനുസരിച്ച് എക്സൈസ്, രജിസ്ട്രേഷൻ, സഹകരണം എന്നീ വകുപ്പുകളിൽ വ്യയസംക്ഷേപണം എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ട്;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഇനിയും അതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സഹകരണവകുപ്പിൽ ഭാഗികമായി നടത്തിയ വ്യയസംക്ഷേപണം മൂലം കൊല്ലം ഡെപ്യൂട്ടി രജിസ്ട്രാഫീസിൽമാത്രം ജോലി വളരെ കൂടുതലായിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഒരു ഡിപ്പാർട്ടുമെൻറിലേയും വ്യയസംക്ഷേപണം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(ബി) റജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ വ്യയസംക്ഷേപണം നടപ്പിലാക്കിയിട്ടില്ല. ഇൻടേർണൽ ലാൻറ് കസ്റ്റംസ് നിറുത്തലാക്കുകയും എക്സൈസ് ഭരണം കേന്ദ്രഗവൺമെൻറ് ഏറെടുക്കുകയും ചെയ്തതിനാൽ ആ വകുപ്പിലെ ഒരു ഭാഗം ജീവനക്കാരെ കുറവു ചെയ്തിട്ടുണ്ട്. സഹകരണ ഡിപ്പാർട്ടുമെൻറിൽ മാ

LIBRARY ARCHIVES Kerala Legislative Assembly